**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223** **12-07-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി സംരക്ഷണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കാര്യക്ഷമമായ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ കാരണം സംസ്ഥാനത്തെ വനങ്ങളിൽ വന്യജീവികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഡെറാഡൂണിലെ ഇന്ത്യൻ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി നടത്തിയ പഠനത്തിൽ വിദേശ അധിനിവേശ സസ്യങ്ങൾ മൂലം വനത്തിനുള്ളിലെ തീറ്റപ്പുല്ലും തീറ്റച്ചെടികളും നശിച്ചതാണ് വന്യജീവികൾ വൻതോതിൽ കൃഷിയിടങ്ങളിലേക്കിറങ്ങുന്നതിന്റെ കാരണമെന്ന നിഗമനത്തിലെത്തിച്ചേർന്നിട്ടുണ്ടോ; | (ബി) | ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും, കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തി വരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്റ്റ് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുവാനുള്ള വിവിധ കാരണങ്ങളിൽ ഒന്നായി യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ പുൽമേട്ടകളിലും മറ്റും തോട്ടമായി നട്ടു വളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണ നിലവാരം നശിപ്പിച്ചിട്ടുള്ളതായും അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ആയതിന്റെ അടിസ്ഥാനത്തിൽ വനപ്രദേശങ്ങളിൽ ഫലവൃക്ഷങ്ങൾ വൻതോതിൽ നട്ടുപിടിപ്പിക്കുന്നതിന് ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (സി) | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ് ) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ബൃഹത്പദ്ധതിയിൽ സമ്പുഷ്ടീകരണ നടീലിന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ പ്ലാവ്, മാവ് മുതലായ തദ്ദേശീയ വൃക്ഷങ്ങൾ ശോഷിച്ച വനപ്രദേശങ്ങളിൽ വച്ചു പിടിപ്പിക്കുന്നത് വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ